**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1763</u>    <u>22.03.2012 ൽ മറുപടിക്ക്</u>

<u>വയോജന ബ്യൂറോകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 'വയോജനബ്യൂറോകൾ' സ്ഥാപിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; | (എ) | തെരഞ്ഞെടുത്ത 230 പോലീസ് സ്റ്റേഷനുകളിൽ മുതിർന്ന പൗരൻമാർക്ക് വേണ്ടിയുള്ള പ്രത്യേക സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ അത് എങ്ങനെയാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | ഓരോ പോലീസ് സ്റ്റേഷനുകളിലും വൃദ്ധജനങ്ങളുടെയും നിരാലംബരായ മുതിർന്ന പൗരൻമാരുടെയും പേരു വിവരങ്ങളും, ഫോൺ നമ്പരുകളും മറ്റ് വിശദാംശങ്ങളുമടങ്ങുന്ന "Register of Senior Citizen" എന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക, മാസത്തിലൊരിക്കൽ അതാത് പോലീസ് സ്റ്റേഷനുകളിൽ നിന്നും പൊതുപ്രവർത്തകരുടെ സഹകരണത്തോടെ ഇത്തരത്തിൽ നിരാലംബരായ ആളുകളെ സന്ദർശിക്കുകയും സുരക്ഷയ്ക്കാവശ്യം വേണ്ടുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുക. കൂടാതെ മുതിർന്ന പൗരൻമാർക്കെതിരെ നടന്ന കുറ്റ കൃത്യങ്ങളുടെ വിശദാംശങ്ങളടങ്ങുന്ന "Register of Offences against Senior Citizens" എന്ന രജിസ്റ്ററും പോലീസ് സ്റ്റേഷനുകളിൽ തയ്യാറാക്കി സൂക്ഷിക്കുക, എല്ലാ പോലീസ് സ്റ്റേഷനുകളും ഇത്തരം കേസുകളുടെ വിശദാംശങ്ങളടങ്ങുന്ന ഒരു റിപ്പോർട്ട് എല്ലാ മാസവും അതാത് ജില്ലാ പോലീസ് മേധാവിമാർക്ക് അയയ്ക്കുകയും ജില്ലാ പോലീസ് മേധാവിമാർ അത് പരിശോധിച്ച |

തിന് ശേഷം മുൻമാസങ്ങളിലെ കേസുകളുടെ വിശദാംശങ്ങളും അതിന്റെ അന്വേഷണ പുരോഗതികളും എടുത്തിട്ടുള്ള പ്രതിരോധ നടപടികളെയും കുറിച്ചും പ്രതിപാദിക്കുന്ന വിശദമായ ഒരു റിപ്പോർട്ട് പോലീസ് ആസ്ഥാനത്തിലേക്കും, അതാത് ജില്ലാ മജിസ്ട്രേറ്റിനും അയയ്ക്കുകയും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തിൽ നിന്നും സർക്കാരിലേക്കും റിപ്പോർട്ട് അയക്കുക എന്നിവയാണ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ